# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സാനിട്ടറി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ.സുലൈമാൻ കുട്ടിക്ക് കൊല്ലം മാതാ മെഡിക്കൽ സെന്ററിൽ ഹെർണിയയ്ക്ക് ശസ്ത്രക്രിയ നടത്തിയതിന് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 2417/2018/തസ്വഭവ    തിരുവനന്തപുരം, തീയതി : 14/09/2018

പരാമർശം :
1) ശ്രീ.സുലൈമാൻ കുട്ടി. കെ 29/09/2014 തീയതിയായി സമർപ്പിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 22/04/20115 തീയതിയിലെ എച്ച്8/54784/14 നമ്പർ കത്ത്.
3) കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 28/04/2017 തീയതിയിലെ എൽ.ഡിസ്/സി3/19357/16/ജി.മെ.ആ നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 16/06/2017 തീയതിയിലെ ഡിസി1-9043/15 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം മാതാ മെഡിക്കൽ സെന്ററിൽ നടത്തിയ ഹെർണിയ ശസ്ത്രക്രിയയ്ക്ക് ചെലവായ 21,478/- രൂപ (ഇരുപത്തിയൊന്നായിരത്തി നാന്നൂറ്റി എഴുപത്തിയെട്ട് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ സാനിട്ടേഷൻ വർക്കർ ശ്രീ.സുലൈമാൻ കുട്ടിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

ടിയാന് കൊല്ലം മാതാ മെഡിക്കൽ സെന്ററിൽ ഹെർണിയയ്ക്ക് ശസ്ത്രക്രിയ നടത്തിയതിന് 3,947/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ അനുവദനീയമാണെന്ന് പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സാനിട്ടറി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ.സുലൈമാൻ കുട്ടിക്ക് ശസ്ത്രക്രിയ നടത്തിയതിന്റെ ചികിത്സാ ചെലവായി കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള അനുവദനീയമായ തുകയുടെ 80% തുകയായ 3,158/- രൂപ (മൂവായിരത്തി ഒരുനൂറ്റി അൻപത്തെട്ട് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ , നഗരകാര്യ ഡയറക്ടർ , കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും, ടി തുക കൊല്ലം മുൻസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവൺമെന്റ് എംപ്ലോയീസ്

മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

വി.എസ്.സന്തോഷ്

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ